മാതൃഭൂമി

22 October 2016

# കലവ മത്സ്യ വിത്തുത്പാദനം വിജയം

**കൊച്ചി:** രാജ്യത്ത് സമുദ്രകൃഷിയിൽ മുന്നേറ്റത്തിന് വഴി തെളിച്ച് കടൽ മത്സ്യമായ കലവയുടെ (കടൽ കറൂപ്പ്) വിത്തുത്പാദനം കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) വിജയകരമായി പൂർത്തിയാക്കി.

ഉയർന്ന വിപണന മൂല്യമുള്ള മത്സ്യമാണ് കലവ. ഇന്ത്യയിൽ ആദ്യമായാണ്, ഗൾഫ് നാടുകളിൽ ആമൂർ എന്ന പേരിൽ വിളിക്കപ്പെടുന്ന കലവയുടെ വിത്തുത്പാദനം വൻതോതിൽ വിജയകരമായി നടത്തുന്നത്.



കലവ മത്സ്യം

## കയറ്റുമതി സാധ്യത തുറന്ന് സി.എം.എഫ്.ആർ.ഐ.

കടൽ കൂടുകൃഷിയിലൂടെ കലവയുടെ ഉത്പാദനം വർധിപ്പിച്ച് കയറ്റുമതി നടത്താൻ രാജ്യത്തെ മത്സ്യ കർഷകർക്ക് മികച്ച അവസരമാണ് ഇതോടെ കൈവന്നിരിക്കുന്നത്. സി.എം.എഫ്.ആർ.ഐ.യുടെ വിശാഖപട്ടണം റീജണൽ സെൻററിൽ സീനിയർ സയൻറിസ്റ്റ് ഡോ. ശുഭദീപ് ഘോഷിൻെറ നേതൃത്വത്തിലാണ് വിത്തുത്പാദനം നടത്തിയത്.

വിദേശ നാടുകളിലടക്കം ഏറെ ആവശ്യക്കാരുണ്ട് കലവയ്ക്ക്. എന്നാൽ, ആവശ്യമായ തോതിൽ കുഞ്ഞുങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇന്ത്യയിൽ കൃഷി നന്നേ കുറവായിരുന്നു.

സിംഗപ്പൂർ, മലേഷ്യ, തായ്വാൻ, ചൈന, ഹോങ്കോംഗ് എന്നീ രാജ്യങ്ങളിൽ നിന്നാണ് ഇപ്പോൾ വിപണിയിൽ കലവ എത്തുന്നത്.

ആഗോളതലത്തിൽ വർഷം ലക്ഷം ടൺ കലവ മത്സ്യം ഉത്പാദിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻെറ (എഫ്. എ. ഒ.) നിർദേശമുണ്ട്. ഇനി ഈ മത്സ്യത്തിൻെറ വിത്തുത്പാദനം ഇന്ത്യയിലും വർധിക്കും.

ഏത് സാഹചര്യത്തിലും വളരാൻ കഴിയുന്നതിനാലും സ്വാദുള്ള മാംസമുള്ളതിനാലും ഇവയുടെ കൃഷിക്ക് മികച്ച സാധ്യതയാണുള്ളതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കടലിൽ നിന്ന് ലഭിക്കുന്ന കലവ മത്സ്യത്തിന് കിലോയ്ക്ക് 400 മുതൽ 450 വരെ ലഭിക്കുമ്പോൾ കൃഷി ചെയ്ത് ഉത്പാദിപ്പിക്കുന്ന കലവ മത്സ്യത്തിന് വിദേശ വിപണിയിൽ ഇവയുടെ മൂന്നും നാലും മടങ്ങാണ് വില.